

TUESDAY 22-03-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/03/2022.

1. ആനാട് കൃഷിഭവൻ കേരഗ്രാമത്തിന്റെ ഒന്നാം വർഷ പൂർത്തീകരണം നാളെ (മാർച്ച് 23) ഉച്ചയ്ക്ക് 2 മണിക്ക് ചുള്ളിമാനൂർ സാഫ് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം വാമനപുരം എം.എൽ.എ ഡി.കെ. മുരളിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് കേരവിളക്ക് തെളിയിച്ച് നിർവഹിക്കും.

2. വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രിയദർശിനി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ **വർക്കല ബ്ലോക്ക് ക്ഷീരകർഷക** സംഗമം ഇന്ന് (മാർച്ച് 22) വിളബ്ഭാഗം ശാന്തി ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ക്ഷീരസംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ക്ഷീരവികസന സെമിനാർ, ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം, ക്ഷീരകർഷകരെ ആദരിക്കൽ, കാർഷിക പ്രദർശനം, എന്നിവ ഉണ്ടായിരിക്കുന്നതാണ്.

3. ക്ഷീരവികസന വകുപ്പ് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെയും ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ എള്ളുവിള ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ **പെരുങ്കടവിള ബ്ലോക്ക് ക്ഷീരകർഷക സംഗമം** ഇന്ന് (മാർച്ച് 22) രാവിലെ 9.30 മുതൽ കുന്നത്തുകാൽ ഗൗതം ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ ഉദ്ഘാടനം ചെയ്യുന്ന ക്ഷീര സംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ക്ഷീര കർഷക സംഗമം, സെമിനാർ, ഡയറി ക്വിസ്, ക്ഷീര കർഷകരെ ആദരിക്കൽ, സമ്മാനദാനം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

4. വാരനാട് ദേവീക്ഷേത്ര മൈതാനത്ത് വച്ച് *നടന്നുവരുന്ന* ആലപ്പുഴ ജില്ലാ ക്ഷീരസംഗമത്തിന്റെ സമാപന സമ്മേളന ഉദ്ഘാടനം ഇന്ന് (മാർച്ച് 22-ന്) ഉച്ചയ്ക്ക് 12.30-ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. ജില്ലാ ക്ഷീരസംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ക്ഷീരവികസന സെമിനാർ, ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം, ക്ഷീരകർഷകരെ ആദരിക്കൽ, കാർഷിക പ്രദർശനം, അവാർഡ് ദാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യൂ കൾച്ചർ വാഴതൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 9745884964** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481–2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

8. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏപ്രിൽ 09 വരെ സമർപ്പിക്കാം. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മാർച്ച് 09 വരെ നൽകിയിരുന്ന സമയപരിധിയാണ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ഏപ്രിൽ 09 വരെ നീട്ടിയിരിക്കുന്നത്. കരടു ബില്ലിന്റെ കോപ്പി https://commerce.gov.in എന്ന കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും http://rubberboard.gov.in എന്ന റബ്ബർ ബോർഡിന്റെയും വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in ഇമെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

9. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 25 വരെ (മാർച്ച 25 വരെ) പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി

ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

10. സംസ്ഥാനത്ത് പെറ്റ്ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിംഗ് റൂൾസ് എന്നിവ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പെറ്റ്ഷോപ്പ് ഉടമകൾ, ഡോഗ് ബ്രീഡേഴ്സ് എന്നിവർക്കായി മൃഗസംരക്ഷണ വകുപ്പ് ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന ബോധവത്ക്കരണത്തിന്റെ ഭാഗമായി പാറശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം ഇന്ന് (മാർച്ച് 22) രാവിലെ 9 മണി മുതൽ പാറശാല ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ഏകദിന ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചിരിക്കുന്നു.

**കാർഷിക നിർദ്ദേശങ്ങൾ**

11. അന്തരിക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 10 ഗ്രാം വെർട്ടിസിലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.

12. പുതുതായി നട്ട കശുമാവിൻ തൈകളിൽ **തേയില കൊതുകും അനുബന്ധ പൂപ്പൽരോഗങ്ങളും** വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക. തളിരിന്റെ അഗ്രഭാഗങ്ങൾ ചീഞ്ഞു കാണുന്നുവെങ്കിൽ ഹെക്സാകൊണാസോൾ ഒരു മില്ലിയും മാലത്തിയോൺ രണ്ടു മില്ലിയും ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം